**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3442** **05-08-2021 - ൽ മറുപടിയ്ക്ക്**

**അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖാന്തിരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം എന്ന പദ്ധതിക്ക് ആകെ എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് നൽകിയത് എന്ന് അറിയിക്കാമോ; | (എ) | അകത്തേത്തറ നടക്കാവിൽ റെയിൽവേ മേൽപ്പാലം പദ്ധതിക്ക് 35.98 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സ്ഥലം ഏറ്റെടുക്കുന്നതിനും യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും റെയിൽവേയ്ക്ക് അടയ്ക്കുന്നതിനുമായി എത്ര തുക വീതമാണ് അനുവദിച്ചത് എന്ന് അറിയിക്കാമോ; | (ബി) | പദ്ധതിയുടെ കേരള വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് 9,91,296/- രൂപയും കെ.എസ്.ഇ.ബി യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് 38,65,336/- രൂപയും ഭൂമിയേറ്റെടുക്കലിനും പുനരധിവാസത്തിനും 4,86,73,008/- രൂപയും റെയിൽവേ ചാർജിന് 16,50,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഈ തുകകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | പദ്ധതിയുടെ ഭൂമിയേറ്റെടുക്കലിനും പുനരധിവാസത്തിനും 4,86,73,008/- രൂപയും റെയിൽവേ ചാർജ് ഇനത്തിൽ 16,50,000/- രൂപയും ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ